# Desabhimani

## 27 August 2018

## Thiruvananthapuram, After Flood, Schools, Cleaning



# ഹൈടെക് ക്ലാസ് മുറികളും ലാബുകളും ശ്രദ്ധാപൂർവം ശുചിയാക്കുക

**തിരുവനന്തപുരം**

പ്രളയദുരന്തങ്ങളിൽ അകപ്പെട്ട വിദ്യാലയങ്ങളിലെ ഹൈടെക് ക്ലാസ് മുറികളും ലാബുകളും ശ്രദ്ധാപൂർവം ശുചിയാക്കണം. സ്കൂൾ ലാബുകളിലും ഓഫീസുകളിലും സൂക്ഷിച്ചിട്ടുള്ള ഐടി ഉപകരണങ്ങളിലും വെള്ളം കയറിയിട്ടുണ്ടാകാം. സ്കൂൾ ശുചീകരണപ്രക്രിയയുടെ ഭാഗമായി ഈ ഉപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രത്യേകം മുൻകരുതലുകൾ എടുക്കണം.

ഉപകരണങ്ങളിൽ വെള്ളം കയറിയിട്ടുണ്ടെന്ന് സംശയമുണ്ടെങ്കിൽ അവ പ്രവർത്തിപ്പിക്കുകയോ പൂർണമായി ഉണങ്ങുന്നതിന് നേരിട്ട് സൂര്യപ്രകാശത്തിലോ കൃത്രിമമാർഗങ്ങളിലൂടെ ചൂടാക്കുകയോ ചെയ്യരുത്. ഫാൻ ഉപയോഗിച്ച് ഈർപ്പം കളഞ്ഞ് സൂക്ഷിക്കാം.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം വിതരണം ചെയ്ത ഓരോ സ്കൂളിലെയും ഇത്തരത്തിൽ വെള്ളം കയറി പ്രവർത്തിപ്പിക്കാൻ കഴിയാത്ത ഉപകരണങ്ങളുടെ കൃത്യമായ ലിസ്റ്റ്

(സീരിയൽ നമ്പർ സഹിതം) അതത് സ്കൂൾ പ്രഥമാധ്യാപകർ കൈറ്റിന്റെ ജില്ലാ ഓഫീസിൽ അറിയിക്കണം.